**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4222** **28-10-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ പ്രവാസികൾക്ക് വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മൂലം തൊഴിൽരഹിതരായി മടങ്ങിവരുന്ന സംസ്ഥാനത്തെ , പ്രത്യേകിച്ച് മലപ്പുറം ജില്ലയിലെ പ്രവാസികളുടെ പുനരധിവാസവും തൊഴിലും ഉദ്ദേശിച്ച് പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ; | (എ) | കോവിഡ് മഹാമാരിയാൽ ബാധിക്കപ്പെട്ട വ്യവസായങ്ങൾക്കു വേണ്ടി സർക്കാർ ആവിഷ്കരിച്ച കോവിഡ് -19 സമാശ്വാസ പദ്ധതി പാക്കേജ് അനുസരിച്ച് തിരിച്ചുവരുന്ന പ്രവാസികളെ സംരംഭകരാക്കി മാറ്റുവാൻ വേണ്ടി കെ.എസ്.ഐ.ഡി.സി.യും നോർക്കയും ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണ് പ്രവാസി ഭദ്രതാ മെഗാ പദ്ധതി. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു: യോഗ്യത • കുറഞ്ഞത് രണ്ട് വർഷത്തെ വിദേശ തൊഴിൽ പരിചയമുള്ള നോർക്ക റൂട്ട്സ് സാക്ഷ്യപ്പെടുത്തിയ പ്രവാസികളായിരിക്കണം. • MSME രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കമ്പനി, പാർട്ട്ണർഷിപ്പ്, പ്രൊപ്രൈറ്റർഷിപ്പ് എന്നിവയ്ക്ക് ലഭ്യമാണ് . • ഉദ്ദേശ്യം - അസറ്റ് സൃഷ്ടിക്കലിനായി മാത്രം – വ്യവസായ ആവശ്യങ്ങൾക്കായുള്ള കെട്ടിട നിർമ്മാണം, യന്ത്രസാമഗ്രികൾ വാങ്ങൽ എന്നിവയ്ക്ക് ലഭ്യമാണ്. എന്നാൽ പ്രവർത്തന മൂലധന ആവശ്യത്തിന് ലഭ്യമല്ല. • നിർമ്മാണം അല്ലെങ്കിൽ സേവന വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ലഭ്യമാണ് . • വ്യാപാരം (കടകൾ, മൊത്തക്കച്ചവടം മുതലായവ), റിയൽ എസ്റ്റേറ്റ് (വാങ്ങൽ, വിൽക്കൽ, വിൽപ്പനയ്ക്കുള്ള ഭൂമിയും കെട്ടിടവും വികസിപ്പിക്കൽ), കൃഷി (കൃഷി, മൃഗങ്ങളെ വളർത്തൽ മുതലായവ) എന്നിവയ്ക്ക് ലഭ്യമല്ല. • കേരള സംസ്ഥാനത്തിനുള്ളിൽ യൂണിറ്റ് സ്ഥാപിക്കുകയും പ്രവർത്തനക്ഷമമാക്കുകയും വേണം. • പ്രൊമോട്ടർമാർക്ക് സിബിൽ സ്കോർ 650 ന് മുകളിൽ ഉണ്ടായിരിക്കണം. • 31-12-2021 നകം അപേക്ഷ സമർപ്പിക്കണം. വായ്പാ തുക • കുറഞ്ഞ തുക Rs. 25,00,000/- (രൂപ ഇരുപത്തഞ്ച് ലക്ഷം മാത്രം) കൂടാതെ പരമാവധി 2,00,00,000/- രൂപ (രണ്ട് കോടി രൂപ മാത്രം). • മിനിമം പ്രൊമോട്ടർ നിക്ഷേപം 50% ആയിരിക്കും (വായ്പ തുക പ്രോജക്റ്റ് ചിലവിന്റെ 50% ആയി പരിമിതപ്പെടുത്തിയിരിക്കുന്നു). സെക്യൂരിറ്റി / |

ഈട് • വായ്പാ തുകയുടെ 1.33 മടങ്ങ് ഭൂമി, കെട്ടിടം, മറ്റ് സ്ഥിര ആസ്തികൾ, ഈട് നല്കണം. • എല്ലാ പ്രൊമോട്ടർമാരും ഡയറക്ടർമാരും /പങ്കാളികളും വ്യക്തിഗത ഗ്യാരണ്ടി നൽകണം. പലിശ നിരക്കും കാലാവധിയും • പലിശ നിരക്ക് – ആദ്യ നാല് വർഷത്തേക്ക് 5% (നോർക്കയിൽ നിന്നുള്ള 3.75% പലിശയിളവിന് ശേഷം) അതിനുശേഷം 8.75% • തിരിച്ചടവ് കാലാവധി ആറുമാസത്തെ മൊറോട്ടോറിയം ഉൾപ്പെടെ - 5 1/2 വർഷം ഫീസ് (സമഗ്രമല്ല) • വായ്പ അനുവദിച്ചതിനുശേഷം വായ്പ തുകയുടെ 0.25% + ജിഎസ്ടി മുൻകൂർ ഫീസായി അടയ്ക്കണം . • വായ്പയുടെ 0.75% മുൻകൂർ ഫീസായി നല്കേണ്ടതിൽ 0.5% കിഴിവ് നല്കും. 0.25% മാത്രമേ അടയ്ക്കേണ്ടതുള്ളു. • ഭൂമിയുടെ മൂല്യനിർണ്ണയ ഫീസ് വഹിക്കണം. • ഡോക്യുമെന്റേഷനായി സ്റ്റാമ്പ് പേപ്പറുകളുടെ വില വഹിക്കണം. നിലവിൽ എല്ലാ അനുബന്ധ രേഖകളും സഹിതം കെ.എസ്.ഐ.ഡി.സിയിലേക്ക് നേരിട്ടാണ് അപേക്ഷിക്കേണ്ടത്. പ്രസ്തുത പദ്ധതിയുടെ അപേക്ഷ ഓൺലൈനിൽ ലഭ്യമാക്കുന്ന വിഷയം കെ.എസ്.ഐ.ഡി.സിയുടെ സജീവ പരിഗണനയിലാണ്. പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്തേക്ക് മടങ്ങി വരുന്ന എല്ലാ പ്രവാസികൾക്കും ഒരുപോലെ ലഭ്യമാക്കുന്നതാണ്. നിലവിൽ നടത്തി വരുന്ന സാമ്പത്തിക സഹായ പദ്ധതിയായ സംരഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നതിന്റെ ഭാഗമായി സംരഭക സഹായ പദ്ധതിയുടെ മാർഗ്ഗ രേഖ GO.(MS) No.103/2020/ID dated 24/11/2020 ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് SC/ST, വനിതകൾ, യുവാക്കൾ എന്നിവർ ആരംഭിക്കുന്ന MSME യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന 20% സബ്സിഡി 25% സബ്സിഡിയായി വർദ്ധിപ്പിക്കുകയും ഈ പ്രത്യേക വിഭാഗത്തിലേക്ക് പ്രവാസികൾ ആരംഭിക്കുന്ന MSME യൂണിറ്റുകളെ കൂടി പുതുതായി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കോവിഡ് പ്രതിസന്ധിമൂലം മടങ്ങി വന്നിട്ടുള്ള പ്രവാസികൾക്ക് നിലവിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്ന പ്രധാന മന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP), ഭക്ഷ്യ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങളുടെ PMFME പദ്ധതി, നാനോ സംരംഭങ്ങൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി (Scheme for Margin Money Grant to Nano Units) തുടങ്ങിയ പദ്ധതികൾ വഴി വായ്പ ലഭ്യമാക്കി

| | | | |
|---|---|---|---|
| | | | പുതിയ സംരംഭങ്ങൾ തുടങ്ങുവാനും സബ്സിഡി ലഭ്യമാക്കാനുമുള്ള സൗകര്യങ്ങൾ ജില്ലാവ്യവസായ കേന്ദ്രം വഴി ചെയ്തു വരുന്നുണ്ട്. ഇതിനായുള്ള കൈത്താങ്ങ് സഹായങ്ങൾ ചെയ്തു കൊടുക്കുന്നതിനായി വ്യവസായ വികസന ഓഫീസർമാരുടെ സേവനം എല്ലാ ബ്ലോക്കുകളിലും മുനിസിപ്പാലിറ്റികളിലും ലഭ്യമാണ്. |
| (ബി) | മലപ്പുറം ജില്ലയിലെ പ്രവാസികൾ ഏറെയുള്ള വള്ളിക്കുന്ന് മണ്ഡലത്തിലെ ഇത്തരത്തിലുള്ള പ്രവാസികൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കാമോ? | (ബി) | കോവിഡ് മഹാമാരിയാൽ ബാധിക്കപ്പെട്ട വ്യവസായങ്ങൾക്കു വേണ്ടി സർക്കാർ ആവിഷ്കരിച്ച കോവിഡ് -19 സമാശ്വാസ പദ്ധതി പാക്കേജ് അനുസരിച്ച് തിരിച്ചുവരുന്ന പ്രവാസികളെ സംരംഭകരാക്കി മാറ്റുവാൻ വേണ്ടി കെ.എസ്.ഐ.ഡി.സി.യും നോർക്കയും ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണ് പ്രവാസി ഭദ്രതാ മെഗാ പദ്ധതി. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു: യോഗ്യത • കുറഞ്ഞത് രണ്ട് വർഷത്തെ വിദേശ തൊഴിൽ പരിചയമുള്ള നോർക്ക റൂട്ട്സ് സാക്ഷ്യപ്പെടുത്തിയ പ്രവാസികളായിരിക്കണം. • MSME രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കമ്പനി, പാർട്ട്ണർഷിപ്പ്, പ്രൊപ്രൈറ്റർഷിപ്പ് എന്നിവയ്ക്ക് ലഭ്യമാണ് . • ഉദ്ദേശ്യം - അസറ്റ് സൃഷ്ടിക്കലിനായി മാത്രം – വ്യവസായ ആവശ്യങ്ങൾക്കായുള്ള കെട്ടിട നിർമ്മാണം, യന്ത്രസാമഗ്രികൾ വാങ്ങൽ എന്നിവയ്ക്ക് ലഭ്യമാണ്. എന്നാൽ പ്രവർത്തന മൂലധന ആവശ്യത്തിന് ലഭ്യമല്ല. • നിർമ്മാണം അല്ലെങ്കിൽ സേവന വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ലഭ്യമാണ് . • വ്യാപാരം (കടകൾ, മൊത്തക്കച്ചവടം മുതലായവ), റിയൽ എസ്റ്റേറ്റ് (വാങ്ങൽ, വിൽക്കൽ, വിൽപ്പനയ്ക്കുള്ള ഭൂമിയും കെട്ടിടവും വികസിപ്പിക്കൽ), കൃഷി (കൃഷി, മൃഗങ്ങളെ വളർത്തൽ മുതലായവ) എന്നിവയ്ക്ക് ലഭ്യമല്ല. • കേരള സംസ്ഥാനത്തിനുള്ളിൽ യൂണിറ്റ് സ്ഥാപിക്കുകയും പ്രവർത്തനക്ഷമമാക്കുകയും വേണം. • പ്രൊമോട്ടർമാർക്ക് സിബിൽ സ്കോർ 650 ന് മുകളിൽ ഉണ്ടായിരിക്കണം. • 31-12-2021 നകം അപേക്ഷ സമർപ്പിക്കണം. വായ്പാ തുക • കുറഞ്ഞ തുക Rs. 25,00,000/- (രൂപ ഇരുപത്തഞ്ച് ലക്ഷം മാത്രം) കൂടാതെ പരമാവധി 2,00,00,000/- രൂപ (രണ്ട് കോടി രൂപ മാത്രം). • മിനിമം പ്രൊമോട്ടർ നിക്ഷേപം 50% ആയിരിക്കും (വായ്പ തുക പ്രോജക്റ്റ് ചിലവിന്റെ 50% ആയി പരിമിതപ്പെടുത്തിയിരിക്കുന്നു). സെക്യൂരിറ്റി / ഈട് • വായ്പാ തുകയുടെ 1.33 മടങ്ങ് ഭൂമി, കെട്ടിടം, മറ്റ് സ്ഥിര ആസ്തികൾ, ഈട് നല്കണം. • എല്ലാ പ്രൊമോട്ടർമാരും ഡയറക്ടർമാരും /പങ്കാളികളും വ്യക്തിഗത ഗ്യാരണ്ടി നൽകണം. പലിശ നിരക്കും കാലാവധിയും • പലിശ നിരക്ക് – ആദ്യ നാലു വർഷത്തേക്ക് 5% (നോർക്കയിൽ നിന്നുള്ള 3.75% |

പലിശയിളവിന് ശേഷം) അതിനുശേഷം 8.75% • തിരിച്ചടവ് കാലാവധി ആറുമാസത്തെ മൊറോട്ടോറിയം ഉൾപ്പെടെ - 5 1/2 വർഷം ഫീസ് (സമഗ്രമല്ല) • വായ്പ അനുവദിച്ചതിനുശേഷം വായ്പ തുകയുടെ 0.25% + ജിഎസ്ടി മുൻകൂർ ഫീസായി അടയ്ക്കണം . • വായ്പയുടെ 0.75% മുൻകൂർ ഫീസായി നല്കേണ്ടതിൽ 0.5% കിഴിവ് നല്കും. 0.25% മാത്രമേ അടയ്ക്കേണ്ടതുള്ളൂ. • ഭൂമിയുടെ മൂല്യനിർണ്ണയ ഫീസ് വഹിക്കണം. • ഡോക്യുമെന്റേഷനായി സ്റ്റാമ്പ് പേപ്പറുകളുടെ വില വഹിക്കണം. നിലവിൽ എല്ലാ അനുബന്ധ രേഖകളും സഹിതം കെ.എസ്.ഐ.ഡി.സിയിലേക്ക് നേരിട്ടാണ് അപേക്ഷിക്കേണ്ടത്. പ്രസ്തുത പദ്ധതിയുടെ അപേക്ഷ ഓൺലൈനിൽ ലഭ്യമാക്കുന്ന വിഷയം കെ.എസ്.ഐ.ഡി.സിയുടെ സജീവ പരിഗണനയിലാണ്. പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്തേക്ക് മടങ്ങി വരുന്ന എല്ലാ പ്രവാസികൾക്കും ഒരുപോലെ ലഭ്യമാക്കുന്നതാണ്. നിലവിൽ നടത്തി വരുന്ന സാമ്പത്തിക സഹായ പദ്ധതിയായ സംരഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നതിന്റെ ഭാഗമായി സംരഭക സഹായ പദ്ധതിയുടെ മാർഗ്ഗ രേഖ GO.(MS) No.103/2020/ID dated 24/11/2020 ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് SC/ST, വനിതകൾ, യുവാക്കൾ എന്നിവർ ആരംഭിക്കുന്ന MSME യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന 20% സബ്സിഡി 25% സബ്സിഡിയായി വർദ്ധിപ്പിക്കുകയും ഈ പ്രത്യേക വിഭാഗത്തിലേക്ക് പ്രവാസികൾ ആരംഭിക്കുന്ന MSME യൂണിറ്റുകളെ കൂടി പുതുതായി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കോവിഡ് പ്രതിസന്ധിമൂലം മടങ്ങി വന്നിട്ടുള്ള പ്രവാസികൾക്ക് നിലവിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്ന പ്രധാന മന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP), ഭക്ഷ്യ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങളുടെ PMFME പദ്ധതി, നാനോ സംരംഭങ്ങൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി (Scheme for Margin Money Grant to Nano Units) തുടങ്ങിയ പദ്ധതികൾ വഴി വായ്പ ലഭ്യമാക്കി പുതിയ സംരംഭങ്ങൾ തുടങ്ങുവാനും സബ്സിഡി ലഭ്യമാക്കാനുമുള്ള സൗകര്യങ്ങൾ ജില്ലാവ്യവസായ കേന്ദ്രം വഴി ചെയ്തു വരുന്നുണ്ട്. ഇതിനായുള്ള കൈത്താങ്ങ് സഹായങ്ങൾ ചെയ്തു കൊടുക്കുന്നതിനായി വ്യവസായ വികസന

| | | | |
|---|---|---|---|
| | | | ഓഫീസർമാരുടെ സേവനം എല്ലാ ബ്ലോക്കുകളിലും മുനിസിപ്പാലിറ്റികളിലും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ